**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 101** **19-09-2025 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അറിയിക്കുമോ; | (എ) | വിദ്യാർത്ഥികളുടെ സർഗവാസനകൾ പരിപോഷിപ്പിക്കുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പ് വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കഥ, കവിത, ചിത്രരചന, അഭിനയം, നാടൻപാട്ട്, പുസ്തകാസ്വാദനം, കാവ്യാലാപനം എന്നീ വിഭാഗങ്ങളിലായി സ്കൂൾതലം, സബ്ജില്ലാതലം, ജില്ലാതലം, സംസ്ഥാനതലം എന്നീ ഘട്ടങ്ങളിൽ ശില്പശാലകൾ സർഗോത്സവം എന്ന പേരിൽ സംഘടിപ്പിക്കുന്നു. സാഹിത്യകാരന്മാരുമായുള്ള സംവാദങ്ങൾ, കുട്ടികളുടെ രചനാവതരണം, ചർച്ചകൾ, സാംസ്കാരിക കലാ രൂപങ്ങളുടെ അവതരണം തുടങ്ങിയവ ശില്പശാലയുടെ ഭാഗമായി നടന്നുവരുന്നു.<br><br>വിദ്യാർഥികളുടെ സാഹിത്യവിജ്ഞാനവും ഭാഷാപ്രയോഗശേഷിയും അവതരണ മികവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാരംഗം കലാസാഹിത്യവേദി എല്ലാ വർഷവും സാഹിത്യസെമിനാറുകൾ സംഘടിപ്പിച്ചു വരുന്നു. വിദ്യാർഥികൾക്കു നൽകപ്പെടുന്ന സാഹിത്യാത്മകമായ വിഷയത്തെ അടിസ്ഥാനമാക്കി അവർ പുസ്തകങ്ങളുടെയും അധ്യാപകരുടെയും വിദഗ്ധരുടെയും സമൂഹമാധ്യമങ്ങളുടെയും പൊതുജനാന്വേഷണങ്ങളുടെയും സ്ഥലസന്ദർശനത്തിന്റെയും സഹായത്തോടെ നേടിയ വിവരങ്ങൾ വച്ചുകൊണ്ട് പ്രബന്ധം തയ്യാറാക്കുന്നു. തയ്യാറാക്കിയ പ്രബന്ധങ്ങൾ സ്കൂൾ, ഉപജില്ല, ജില്ല എന്നിവിടങ്ങളിൽ അവതരിപ്പിക്കപ്പെട്ട് ഓരോ ജില്ലയിൽനിന്നും ഏറ്റവും മികച്ച രണ്ടെണ്ണം സംസ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെടുന്നു. ഇവ സംസ്ഥാനതലത്തിൽ രണ്ടു ദിവസത്തെ പരിപാടിയായി അവതരിപ്പിക്കപ്പെടുന്നു. |

അവതരണത്തോടൊപ്പം വിദ്യാർഥികൾക്ക സെമിനാർ വിഷയ സംബന്ധിയായ വിദഗ്ധ ക്ലാസുകളും നൽകി വരുന്നു. 'മഞ്ഞ്-എം.ടിയുടെ നോവലിലെ ഭാവകാവ്യം' എന്നതാണ് ഈ വർഷത്തെ സാഹിത്യസെമിനാറിന് നൽകിയിരിക്കുന്ന വിഷയം.

ഇതോടൊപ്പം വിദ്യാർത്ഥികളുടെ മലയാളഭാഷാപരിജ്ഞാനവും പ്രയോഗശേഷിയും വർദ്ധിപ്പിക്കുന്നതിനായി വാങ്മയം എന്ന പേരിൽ വിവിധതലങ്ങളിൽ പരീക്ഷകൾ നടത്തിവരുന്നു. വിദ്യാർത്ഥികളുടെ സർഗാത്മകരചനകൾ പ്രസിദ്ധീകരിക്കുന്നതിനും സമകാലിക സാഹിത്യ സാംസ്കാരിക വിഷയങ്ങളിൽ ധാരണ ഉളവാക്കുന്നതിനും പൊതുവിദ്യാ ഭ്യാസവകപ്പ് എല്ലാ മാസവും വിദ്യാരംഗം മാസിക പ്രസിദ്ധീകരിക്കുന്നു. കുട്ടികളുടെ രചനാശീലവും സാഹിത്യ തല്പരതയും വർദ്ധിപ്പിക്കുന്നതിന് വിദ്യാരംഗം മാസിക നിസ്തുലമായ പങ്ക് വഹിക്കുന്നുണ്ട്.

സംസ്ഥാനത്ത് വിദ്യാർത്ഥികളുടെ സർഗവാസനകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനായി സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ പദ്ധതികളും അവയുടെ വിശദാംശങ്ങളും ചുവടെ നൽകുന്നു:

### 1. സചിത്രപുസ്തകം (പിക്ചർ ഡയറി)

ചിത്രങ്ങളെ കുട്ടികൾ ഇഷ്ടപ്പെടുന്നു . അതുപോലെതന്നെ ചിത്രം വരയ്ക്കുന്നതും അവർക്കിഷ്ടമാണ്. കുട്ടികളുടെ ഈ താൽപര്യത്തെ കണക്കിലെടുത്തുകൊണ്ടു ലോവർ പ്രൈമറി ക്ലാസ്സുകളിൽ സചിത്ര പുസ്തകം നടപ്പിലാക്കുന്നു. കുട്ടികൾക്കിഷ്ടമുള്ള ചിത്രങ്ങൾ ഒട്ടിച്ചും വരച്ചും അവയെക്കുറിച്ച് എഴുതിയും സചിത്രപുസ്തകം ഭംഗിയാക്കുന്നു.

### 2. സംയുക്ത ഡയറി

1, 2 ക്ലാസിലെ കുട്ടികൾ രക്ഷിതാക്കളുടെയും അധ്യാപകരുടെയും മുതിർന്നവരുടേയും സഹായത്തോടെ ദിനംപ്രതി തയ്യാറാക്കുന്ന ഡയറിയാണ് സംയുക്ത ഡയറി. ഈ ഡയറിയിൽ

കുട്ടികൾ പെൻസിൽ കൊണ്ടും മുതിർന്നവർ പേന കൊണ്ടുമാണ് എഴുതുന്നത്. അധ്യയന വർഷത്തിന്റെ തുടക്കത്തിൽ കുട്ടികളുടെ പെൻസിൽ കൊണ്ടുള്ള എഴുത്ത് കുറവും പേനകൊണ്ടുള്ള എഴുത്ത് കൂടുതലുമാണ്. ക്രമേണ പെൻസിൽ കൊണ്ടുള്ള എഴുത്ത് കൂടി വരുന്നതായി കാണാൻ കഴിയുന്നു.

**3. സർഗാത്മക ഡയറി**

3, 4 ക്ലാസുകളിലെ കുട്ടികൾക്കായി നടപ്പിലാക്കുന്ന പദ്ധതിയാണിത്.

**4. ടാലന്റ് ലാബ്**

കുട്ടികളുടെ പ്രത്യേക കഴിവുകളെ കണ്ടെത്തി പോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടിയാണിത്. കുട്ടിയുടെ കഴിവുകൾ കുട്ടിക്കും രക്ഷിതാവിനും തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുന്നതിനും പ്രാദേശിക വൈദഗ്ധ്യം പ്രയോജനപ്പെടുത്തി എങ്ങനെ കുട്ടിയുടെ അഭിരുചികൾ വികസിപ്പിക്കാം എന്നതും ഈ പരിപാടിയിലൂടെ വിദ്യാലയത്തിനും സമൂഹത്തിനും ബോധ്യപ്പെടുന്നു

**5. ജ്വാല - ഗേൾസ് തിയേറ്റർ**

ലിംഗനീതിയും സമത്വവും ഉറപ്പുവരുത്തുന്നതിനും ആത്മവിശ്വാസത്തോടെ പ്രകടനങ്ങൾ നടത്തുവാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനും തിയേറ്റർ എന്ന സാധ്യതയിലൂടെ ആത്മാവിഷ്കാരത്തിന് അവസരം നൽകുന്നതിനും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഭിന്ന ലിംഗക്കാർക്കും തുല്യ അവസരങ്ങളും പരിഗണനയും ഒരുക്കേണ്ടതിന്റെ പ്രാധാന്യം സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനുമായി നടപ്പിലാക്കിയ പദ്ധതിയാണ് ജ്വാല. ഇതിന്റെ ഭാഗമായി സ്കൂൾതല അവതരണം, ബി.ആർ.സി-തല ജ്വാല ക്യാമ്പ്, ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ജ്വാല കനൽക്കൂട്ടം തിയേറ്റർ ക്യാമ്പ് എന്നിവ സംഘടിപ്പിച്ചു. സ്വയം പ്രകാശനത്തിനും സർഗാത്മക ശേഷി വികാസത്തിനും മനക്കരുത്ത് നേടുന്നതിനും പെൺകുട്ടികളെ പ്രാപ്തരാക്കുന്നതിന് ഈ പരിപാടിയിലൂടെ സാധിച്ചു.

**6. എഴുത്തുപച്ച**

പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ സാഹിത്യസൃഷ്ടികൾ വിദഗ്ധരുടെ സഹായത്തോടെ എഡിറ്റ് ചെയ്ത് പുസ്തക രൂപത്തിലാക്കി എസ്.സി.ഇ.ആർ.ടിയുടെ അംഗീകാരത്തോടെ പ്രിന്റ്

ചെയ്ത് സർക്കാർ സ്കൂൾ ലൈബ്രറികൾക്കും സാഹിത്യ സൃഷ്ടികൾ തയ്യാറാക്കിയ കുട്ടികൾക്കും നൽകി. ഈ പുസ്തകങ്ങളിലെ കവർ പേജുകളിലെ മുഖ ചിത്രങ്ങൾ വരച്ചിട്ടുള്ളതും കുട്ടികൾ തന്നെയാണ്. മലയാളം, ഇംഗ്ലീഷ്. ഹിന്ദി, തമിഴ്, കന്നട, അറബി, ഉറുദു, സംസ്കൃതം എന്നീ ഭാഷകളിലായി 76 പുസ്തകങ്ങളാണ് പ്രിന്റ് ചെയ്തു നൽകിയത്.

**7. എഴുത്തുകൂട്ടം**

- കുട്ടികളിൽ സർഗ്ഗാത്മകത പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി.
- വിവിധ തരത്തിലുള്ള സാഹിത്യ കൃതികൾ കുട്ടികളെ പരിചയപ്പെടുത്തുന്നു. (നോവൽ, ചെറുകഥ തുടങ്ങിയവ)
- കൃതികൾ കുട്ടികൾ വായിക്കുന്നു
- വായനാമൂലകൾ, ക്ലാസ് മുറികൾ എന്നിവിടങ്ങളിൽ നിന്ന് കുട്ടികളുടെ വായന വികസിക്കുന്നു.
- വായന വളരുന്നതോടെ സർഗാത്മകതയും വികസിക്കുന്നു.

**പ്രവർത്തനങ്ങൾ**

- മികച്ച വായനക്കാരെ കണ്ടെത്തി അഭിനന്ദിക്കുന്നു.
- വായിച്ച കൃതികളുടെ ആസ്വാദനം അവതരിപ്പിക്കുന്നു
- സ്വതന്ത്ര വായനക്ക് അവസരം നൽകുന്നു.
- സർഗാത്മകത പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ സർഗ്ഗ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.
- കുട്ടികളുടെ എഴുത്തുകൾ മാസികയായി പ്രസിദ്ധീകരിക്കുന്നു.

**8. എഫ്.എം. റേഡിയോ ക്ലബ്ബ്**

പൊതുവിദ്യാലയങ്ങളുടെ അക്കാദമിക മികവുകൾ സമൂഹവുമായി ആസ്വാദ്യകരമായ രീതിയിൽ വിനിമയം ചെയ്യാനുതകുന്ന പദ്ധതിയാണിത്. ഇവിടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റേഡിയോ ജോക്കികളായി പങ്കുചേരുന്നതിന് അവസരമൊരുക്കി.

**9. കഥാകൗതുകം**

1 മുതൽ 7 വരെ ക്ലാസുകളിൽ കഥാരചന, കഥാകഥനം, കഥയുടെ ദൃശ്യാവിഷ്കാര രീതികൾ എന്നിവയോട് താൽപര്യം ജനിപ്പിക്കുന്നതിന് ലക്ഷ്യമാക്കി നടപ്പിലാക്കിയ പദ്ധതി

**10. നേർക്കാഴ്ച**

കോവിഡ് കാലത്ത് കുട്ടികളുടെ മനസിൽ തെളിഞ്ഞ ആശയങ്ങളും അനുഭവങ്ങളും ചിത്രങ്ങളായി തയ്യാറാക്കാൻ രൂപപ്പെടുത്തിയ പ്രവർത്തനമാണ് നേർക്കാഴ്ച. ഇതിന്റെ ഭാഗമായി ഒരു കുട്ടി വരച്ച ചിത്രമാണ് 2021-22 കേരള ബജറ്റ് പേപ്പറിന്റെ മുഖചിത്രമായി സ്വീകരിച്ചത്. കുട്ടികൾ തയ്യാറാക്കിയ ചിത്രങ്ങൾ സ്കൂൾ വിക്കിയിൽ ഡോക്യുമെന്റ് ചെയ്യപ്പെട്ടു.

കുട്ടികൾ തയ്യാറാക്കിയ ചിത്രങ്ങൾ ബ്ലോക്ക്തലത്തിലും തുടർന്ന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ശേഖരിക്കുകയും അവ പുസ്തക രൂപത്തിലാക്കുകയും (LP, UP, HS, HSS) ചെയ്തു.

**11. അക്ഷരവൃക്ഷം**

കോവിഡ് കാലത്ത് രാജ്യം മുഴുവൻ അടച്ചു പൂട്ടിയപ്പോൾ ഏറ്റവും കൂടുതൽ ഒറ്റപ്പെട്ടുപോയത് സ്കൂൾ കുട്ടികളാണ്. അവരെ ചേർത്തുപിടിക്കാനും ഒറ്റപ്പെടലിനെ സാധ്യതകളാക്കി മാറ്റാനും നടപ്പാക്കിയ പദ്ധതിയാണ് അക്ഷരവൃക്ഷം പദ്ധതി.

ഓൺലൈൻ/ഡിജിറ്റൽ പഠനാനുഭവങ്ങൾ, കോവിഡ് കാലത്തെ സാമൂഹിക സാഹചര്യം, ജീവിതാനുഭവങ്ങൾ. പ്രതീക്ഷകൾ തുടങ്ങിയവ പ്രതിഫലിപ്പിക്കുന്ന രചനകൾ തയ്യാറാക്കാൻ കുട്ടികൾക്ക് അവസരം നൽകി. ലക്ഷക്കണക്കിന് സൃഷ്ടികളിൽ നിന്നും തെരഞ്ഞെടുത്ത അറുപതിനായിരത്തോളം സൃഷ്ടികൾ സ്കൂൾ വിക്കിയിലൂടെ പ്രകാശിതമായി. അവയിൽ നിന്നും തെരഞ്ഞെടുത്ത നാലായിരത്തോളം വിദ്യാർത്ഥികളുടെ രചനകൾ എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ പത്ത് വാല്യങ്ങളായി പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചു. ബഹു. കേരള ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2021-22 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ അക്ഷരവൃക്ഷത്തിന്റെ ഭാഗമായി കുട്ടികൾ രചിച്ച നിരവധി കവിതകൾ പരാമർശിക്കുകയുണ്ടായി. ഇവയക്കു പത്ര-ദൃശ്യ മാധ്യമങ്ങളും സമൂഹ മാധ്യമങ്ങളും വൻപ്രചാരമാണ് നൽകിയത്.

ബജറ്റിൽ പരാമർശിച്ച ഒരു കവിത ചുവടെ നൽകുന്നു.

നേരം പുലരുകയും

സുര്യൻ സർവ്വ തേജസ്സോടെ

ഉദിക്കുകയും

കനിവാർന്ന പൂക്കൾ വിരിയുകയും

വെളിച്ചം ഭൂമിയെ സ്വർഗമാക്കുകയും ചെയ്യും

നാം കൊറോണക്കെതിരെ

പോരാടി വിജയിക്കുകയും

ആനന്ദം നിറഞ്ഞ പുലരിയെ

തിരികെ എത്തിക്കുകയും ചെയ്യും.

കെ. സ്നേഹ

ക്ലാസ്സ്-7

ജി.എച്ച്.എസ്. കുഴൽമന്ദം

പാലക്കാട്

**12. രസക്കുട്ട്**

സമഗ്ര ശിക്ഷാ കേരളം നിർമ്മിച്ച് ആകാശ വാണിയിലൂടെ പ്രക്ഷേപണം ചെയ്ത വിനോദ വിജ്ഞാന പരിപാടിയാണ് രസക്കുട്ട്. പ്രസ്തുത പരിപാടി എല്ലാ വ്യാഴാഴ്ചകളിലും അനന്തപുരി എഫ്.എം ൽ രാവിലെ 10 നും എല്ലാ ആകാശവാണി സ്റ്റേഷനുകളിലും വൈകുന്നേരം 5.20 നും 2020-21 ൽ പ്രക്ഷേപണം ചെയ്തിരുന്നു.

കോവിഡ് കാലത്ത് വീട്ടിൽത്തന്നെ തുടർന്ന കുട്ടികൾക്ക് മാനസികോല്ലാസവും വിജ്ഞാനവും പ്രദാനം ചെയ്യുന്ന പരിപാടിയാണ് 'രസക്കുട്ട്'. കേരളത്തിന്റെ സംസ്കാരവുമായി ബന്ധപ്പെട്ട കലകൾ, കഥകൾ, പാട്ടുകൾ, കവിതകൾ, കളികൾ തുടങ്ങിയവ രസകരവും ലാളിത്യവും നിറഞ്ഞ അവതരണങ്ങളിലൂടെ പരിചയപ്പെടുത്തുകയാണ് രസക്കുട്ടിലൂടെ ചെയ്തത്. നാടോടി കഥകളും നാട്ടുകവിതകളും ഗ്രാമകലകളും മുത്തശ്ശിമാരുടെ ചൊല്ലുകളും കേട്ടുവളർന്ന തലമുറകളുടെ ഗൃഹാതുര വീണ്ടെടുപ്പ് കൂടിയാണ് രസക്കുട്ട്. പ്രൈമറി തലത്തിലെ കുട്ടികൾക്കുള്ള കിസ്തുമസ്- പുതുവത്സര സമ്മാനമായാണ് സമഗ്ര ശിക്ഷാ കേരളം രസക്കുട്ട് തയ്യാറാക്കിയത്. സംസ്ഥാനത്തെ എല്ലാ പ്രൈമറി കുട്ടികൾക്കും ഓഡിയോ പ്രോഗ്രാം

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം ആകാശവാണിയിലെ പ്രക്ഷേപണത്തിലൂടെ ഒരുക്കിയിട്ടുണ്ടായിരുന്നു. സമഗ്ര ശിക്ഷയുടെ യൂട്യൂബ് ചാനലിലൂടെയും സംസ്ഥാനത്തെ ജില്ലാ- ബി.ആർ.സി.- സി.ആർ.സി തലത്തിലെ ഔദ്യോഗിക നവമാധ്യമ അധ്യാപക കൂട്ടായ്മകളിലൂടെയും പ്രക്ഷേപണത്തിന് ശേഷം രസക്കൂട്ട് ലഭ്യമാക്കി. 10 മിനിട്ടാണ് പ്രോഗ്രാമിന്റെ സമയ ദൈർഘ്യം. കഥാകാവ്യ പരിപാടിയായ രസക്കൂട്ടിന്റെ അക്കാദമികമായ കാഴ്ചപ്പാടുകളും അവതരണവും മികവാർന്നതും ഗുണമേന്മയിൽ അധിഷ്ഠിതവുമായിരുന്നു. |
| (ബി) | കുസാറ്റുമായി ചേർന്ന് ആരംഭിച്ച സ്റ്റീം എക്കോ സിസ്റ്റം പദ്ധതിയും ടെക് ടാലന്റ് പ്രതിഭാ പോഷണ പദ്ധതിയും വിശദമാക്കുമോ; | (ബി) | അഞ്ചാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികളിൽ ശാസ്ത്രബോധം, ഗവേഷണ തൽപരത എന്നിവ വളർത്തുന്നതിനുള്ള പദ്ധതിയാണ് സ്റ്റീം ഇക്കോസിസ്റ്റം. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി (കുസാറ്റ്) യുമായി ചേർന്നാണ് പ്രോഗ്രാം നടപ്പിലാക്കുന്നത്. STEM എഡ്യൂക്കേഷന്റെ സാധ്യതയും പ്രായോഗികതയും ഉറപ്പാക്കി ശാസ്ത്ര സാങ്കേതിക വിദ്യയും ഗണിതം, ആർട്സ്, എഞ്ചിനീയറിംഗ് മേഖലകളിലെ അത്യന്താധുനിക സംവിധാനങ്ങളെ പരിചയപ്പെടാനും പ്രയോഗിക്കാനുമുള്ള അവസരവും സ്റ്റീം ഇക്കോസിസ്റ്റം തുറന്നുകൊടുക്കുന്നു. വിദ്യാർത്ഥികളുടെ സമഗ്രമായ വികാസം സാധ്യമാക്കുകയാണ് സ്റ്റീം ഇക്കോ സിസ്റ്റത്തിന്റെ ലക്ഷ്യം.<br><br>കുട്ടികളിൽ STEM സകിൽസ് (പ്രോബ്ലം സോൾവിംഗ്, ക്രിട്ടിക്കൽ അനാലിസിസ്, ടീം വർക്ക്, കമ്മ്യൂണിക്കേഷൻ, എൻജിനീയറിംഗ് ഡിസൈൻ etc) വളർത്തുന്ന തരത്തിലുള്ള പഠന പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി 6 ജില്ലകളിലായി 87 ബ്ലോക്കുകളിൽ സ്റ്റീം ലാബുകൾ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ അപ്പർ പ്രൈമറി തലത്തിൽ സ്റ്റീം പദ്ധതിയോടൊപ്പം 686 ഇന്റഗ്രേറ്റഡ് ലാബുകളും സജ്ജീകരിച്ചിട്ടുണ്ട്. |
| (സി) | സഹിതം പോർട്ടലുകൾ വഴിയുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത പഠന വിശകലന സംവിധാനം വിശദമാക്കാമോ; | (സി) | 'സഹിതം' പോർട്ടലിൽ ഉൾപ്പെടുത്തുന്ന കുട്ടികളുടെ ഡാറ്റയ്ക്ക് അനുസൃതമായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെയുള്ള സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി ക്കൊണ്ട് പഠന വിശകലന സംവിധാനം പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>സ്കൂൾ കുട്ടികൾക്ക് വ്യക്തിഗത ശ്രദ്ധയും പഠന പിന്തുണയും പരിപോഷിപ്പിക്കുന്നതിനും മാർഗനിർദേശങ്ങൾ നൽകുന്നതിനും |

| | | | |
|---|---|---|---|
| | | | പൊതുവിദ്യാഭ്യാസ വകുപ്പ് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ ഏർപ്പെടുത്തിയ മെന്ററിംഗ് സംവിധാനമാണ് 'സഹിതം’. കുട്ടികളിൽ അക്കാദമിക മികവ് പുലർത്തുന്നതോടൊപ്പം തന്നെ സാമൂഹിക മികവും വളർത്താൻ സഹായിക്കുക, മാനസിക വ്യതിയാനം പ്രകടമാക്കുന്ന കുട്ടികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ വീടുകളിലുള്ള കാര്യങ്ങൾ ഉൾപ്പെടെ മനസിലാക്കി കുട്ടികളുടെ പിരിമുറുക്കം ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, അധ്യാപകർക്ക് മനഃശാസ്ത്രപരമായ പരിശീലനം ഉൾപ്പെടെ ഇതിനായി ഏർപ്പെടുത്തുക, ഓരോ കുട്ടിയും അവരവരുടെ കഴിവിന് അനുസരിച്ച് പരമാവധി ശേഷികൾ നേടിയെന്ന് ഉറപ്പുവരുത്താൻ സഹായിക്കുക തുടങ്ങിയവ ലക്ഷ്യമിട്ട് സ.ഉ. (സാധാ) നം. 763/2020/ പൊ.വി.വ തീയതി 14.02.2020 ഉത്തരവ് അനുസരിച്ചാണ് സഹിതം പദ്ധതി നടപ്പിലാക്കുന്നത്.<br><br>പരിഷ്കരിച്ച പാഠപുസ്തകങ്ങൾക്കനുസരിച്ച് ഒന്ന് മുതൽ ഏഴ് വരെ ക്ലാസുകളിലെ പാഠ ഭാഗങ്ങളുടെ സൂചകങ്ങൾ സഹിതം മെന്ററിംഗ് പോർട്ടലിലേക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സൂചകങ്ങൾ ഉപയോഗിച്ച് അധ്യാപകർക്ക് മെന്ററിംഗ് പ്രവർത്തനങ്ങൾ നടത്തി ഓരോ കുട്ടിയുടേയും ഡിജിറ്റൽ പ്രൊഫൈൽ തയ്യാറാക്കാം.<br><br>'സഹിതം' പോർട്ടലിലെ Mentor-Mentee mapping സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് ഓരോ കുട്ടിയ്ക്കും അദ്ധ്യാപിക/അദ്ധ്യാപകനെ മെന്ററായി നിശ്ചയിച്ച് കുട്ടികളെ മെന്ററിംഗ് ചെയ്ത് സഹിതം പോർട്ടലിൽ രേഖപ്പെടുത്തലുകൾ നടത്താനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.<br><br>സ്കൂൾ കുട്ടികളുടെ വിവരങ്ങൾ പ്രത്യേകമായി ടൈപ്പ് ചെയ്ത് ചേർക്കാതെ തന്നെ 'സമ്പൂർണ' ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റത്തിൽ നിന്ന് 'സഹിതം' പോർട്ടലിലേക്ക് Sampoorna sync **ഓപ്ഷൻ** പ്രയോജനപ്പെടുത്തി ഉൾപ്പെടുത്താം. |
| (ഡി) | വായനാ വസന്തം പരിപാടിയുടെ ഭാഗമായി എന്തെല്ലാം കാര്യങ്ങളാണ് നടപ്പിൽ വരുത്തിയതെന്ന് വ്യക്തമാക്കാമോ? | (ഡി) | പൊതുവിദ്യാഭ്യാസ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുള്ള പുതിയ സംരംഭങ്ങളുടെ ഭാഗമായി വിദ്യാർത്ഥികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്ത് സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ നൽകുന്നതിന് 2018-19 അധ്യയന വർഷത്തിൽ ഒരു പുതിയ പദ്ധതി "ലൈബ്രറികളും ക്ലാസ്റൂം ലൈബ്രറികളും” എന്ന പേരിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ആരംഭിക്കുകയും |

| | | | | |
|---|---|---|---|---|
| | | | | സംസ്ഥാനത്തെ സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ നൽകുകയും ചെയ്തിരുന്നു. 2021-22 അധ്യയനവർഷത്തിൽ വിദ്യാർത്ഥികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ നൽകുന്നതിനായി “വായനയുടെ വസന്തം" എന്ന പേരിൽ ഒരു പുതിയ പദ്ധതി ആരംഭിച്ചു. സംസ്ഥാനത്തെ സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ നൽകുകയും പ്രസ്തുത തുക ചെലവഴിക്കുകയും ചെയ്തു. കൂടാതെ ഈ പദ്ധതി സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തുകയും നിശ്ചിത കാലയളവിനുള്ളിൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 മുതൽ 2021-22 വരെ ഗവ. എച്ച്.എസ്, യു.പി, എയ്ഡഡ് എച്ച്.എസ്, യു.പി. സ്കൂളുകൾക്ക് ഈ പദ്ധതിപ്രകാരം വിവിധ ലൈബ്രറി പുസ്തകങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ അവയിൽ മിക്കതിനും മതിയായ സംഭരണ സൗകര്യമില്ല . ഈ സാഹചര്യത്തിൽ മുൻ വർഷങ്ങളിൽ വൻതോതിൽ ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്ത 203 സർക്കാർ സ്കൂളുകളിൽ ബുക്ക് റാക്ക് വാങ്ങി നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ 1 മുതൽ 4 ആം ക്ലാസ്സുവരെയുള്ള വരെയുള്ള ഓരോ കുട്ടിയുടെയും വീട്ടിൽ വായാനാ വസന്തം പദ്ധതിയുടെ ഭാഗമായി സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ 3 പുസ്തകങ്ങൾ തയ്യാറാക്കി പ്രിന്റ് ചെയ്ത് എത്തിച്ചു നൽകി. മാതൃ ഭാഷയിലുള്ള (മലയാളം, തമിഴ്, കന്നട) രണ്ട് പുസ്തകങ്ങളും ഒരു ഇംഗ്ലീഷ് പുസ്തകവുമാണ് ഇത്തരത്തിൽ നൽകിയത്. 12 ലക്ഷത്തോളം കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. |

സെക്ഷൻ ഓഫീസർ